ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർ സാമ്പത്തികം മാത്രമാണ് നോക്കുന്നത്. യൂട്ടിലിറ്റിക്കൂടി നോക്കണമെന്നാണ് ഞാൻ പറയുന്നത്. യൂട്ടിലിറ്റിയാണെങ്കിൽ, നമുക്ക് ഇനിയും കൂടുതലായിട്ട് ഉപയോഗിക്കാം. അതിനു പല വ്യവസ്ഥകളുമുണ്ട്. അവയെല്ലാം പരിശോധിച്ച് ഉടൻ തീരുമാനമറിയിക്കാം.

ശ്രീ. പി. സീതിഹാജി : വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി പുതിയ സബ്സ്റ്റേഷൻ കൊണ്ടുവരുന്നു എന്നു പറഞ്ഞു. മലപ്പുറം ജില്ലയിൽ ചേലായിയിൽ ഒരു പുതിയ സബ്സ്റ്റേഷൻ സ്ഥാപിച്ചിട്ട് കുറെ വർഷങ്ങളായി. അവിടേയ്ക്ക് ലൈൻ വലിക്കാൻ കഴിയാതെ മുടങ്ങിക്കിടക്കുകയാണ്. അതുംകൂടി ഈ വെളിച്ച വിപ്ലവത്തിന്റെ കൂട്ടത്തിൽ ശരിയാക്കാൻ ശ്രദ്ധിക്കുമോ ?

ശ്രീ. കെ. എ . മാണി : പരിഗണിക്കാം.

സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ്

* 28. [31] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനെ സംബന്ധിച്ച റൂൾസിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭേദഗതി അനുസരിച്ച് വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എത്ര രൂപാ വീതം നൽകിയെന്ന് വെളിപ്പെടുത്താമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ : ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച റൂൾസിൽ ഭേദഗതി വരുത്തിയിട്ടില്ലെന്നാണ്. (എസ്. ആർ. ഒ. നമ്പർ 1586/84). റൂൾസിൽ ഭേദഗതി വരുത്തിയത് ഇവിടെ മേശപ്പുറത്തു വച്ചിട്ടുണ്ട്. ആ റൂൾസിൽ ഭേദഗതി വരുത്തിയതിന്റെ ഓർഡറാണ് എന്റെ കൈയിൽ ഉള്ളത്. ആ റൂൾസിന്റെ എസ്. ആർ. ഒ. 1587/84 ആയി വച്ചിട്ടുള്ള ഭേദഗതി അനുസരിച്ച് ഏതെങ്കിലും സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകിയിട്ടുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : വിദ്യാഭ്യാസ നിയമത്തിൽ 28-ാം അദ്ധ്യായത്തിൽ ചേർത്തിട്ടുള്ളതാണ്, മെയിന്റനൻസ് ഗ്രാന്റിനെ സംബന്ധിക്കുന്ന വ്യവസ്ഥകൾ. അതിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല. ചോദ്യം തന്നെ സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാന്റ് നൽകുന്നതു സംബന്ധിച്ച റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നാണ്. അങ്ങനെ വരുത്തിയിട്ടില്ല. അദ്ദേഹം ഉദ്ദേശിക്കുന്നതു വേറെയെന്തെങ്കിലും റൂളിനെ സംബന്ധിച്ചായിരിക്കാം. അത് പ്രത്യേകമായി പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : എഡ്യൂക്കേഷൻ റൂംസിൽ ഭേദഗതി വരുത്തിയോ എന്നാണ് ചോദിച്ചത്. ബഹുമാനപ്പെട്ട മന്ത്രി അതു കാണാത്തതുകൊണ്ടായിരിക്കും. റൂളിന്റെ ഗസറ്റ് പബ്ലിക്കേഷന്റെ കോപ്പി എന്റെ കൈവശമുണ്ട്. ഞാൻ അതു വായിക്കാം.

Amendment of Rules in the Kerala Education Rules 1957, in Chapter 28, in sub-rule (1) of Rule 3.

The following shall be added at the end namely..... .....

അത് അമൻറ് ചെയ്തു കഴിഞ്ഞു. അമൻറ് ചെയ്തു കഴിഞ്ഞ് നോട്ടീസും തന്നു. മേശപ്പുറത്തു വച്ചു. അതിന് ഒബ്ജക്ഷൻ എഴുതിക്കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന്റെ കോപ്പി കിട്ടിയിട്ടുണ്ടാകും. അതിനുശേഷവും അമൻറ് ചെയ്തിട്ടില്ലെന്നു ഈ നിയമസഭയിൽ പരസ്യമായി പറയുകയാണ്. അത് കറക്ട് ചെയ്യാൻപോലും ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകാത്തതു ശരിയാണോ ?

ശ്രീ. ടി. എം. ജേക്കബ് : ചാപ്റ്റർ 28-ൽ റൂം (3) (കെ. ഇ. ആർ.) ലാണ് ഈ വ്യവസ്ഥയെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. അത് ഔദ്യോഗികമായി അമൻറ് ചെയ്തിട്ടില്ലെന്നാണ് ഫയലിൽനിന്നും മനസ്സിലാക്കാൻ കഴിയുന്നത്. താങ്കൾ ഉദ്ദേശിക്കുന്നത് എന്താണെന്നു പറഞ്ഞാൽ പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. ബേബി ജോൺ : മെയിൻറനൻസ് മാത്രമല്ല ഇതിൽ പറഞ്ഞിരിക്കുന്നത്. സ്വകാര്യ വിദ്യാലയങ്ങൾക്കുള്ള ഗ്രാൻറിനെക്കുറിച്ചാണ് ചോദിച്ചിരിക്കുന്നത്. അപ്പോൾ ഏതു റൂളിലുള്ള ഗ്രാൻറായാലും ബാധകമാണ്. റൂൾ മേശപ്പുറത്തു വച്ചിട്ടുള്ളതാണ്. അപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇല്ലെന്നു പറഞ്ഞാൽ എങ്ങനെയാണ് ?

ശ്രീ. ടി. എം. ജേക്കബ് : ചാപ്റ്റർ 28-ൽ റൂം (3) ലാണ് മെയിൻറനൻസ് ഗ്രാൻറിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. ഇവിടെ ചോദ്യം, സ്വകാര്യ വിദ്യാലയങ്ങൾക്ക് ഗ്രാൻറ് നൽകുന്നതിനെ സംബന്ധിച്ച റൂളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ എന്നാണ്. അതനുസരിച്ചാണെങ്കിൽ ആ റൂൾ എന്നു പറയുന്നത് അദ്ധ്യായം 28-ലെ റൂൾ മുന്നിലാണ്. അതിന്റെ ഔദ്യോഗികമായ സ്വഭാവത്തിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് മെയിൻറനൻസ് ഗ്രാൻറ് ഉപയോഗിക്കേണ്ടത് എന്നാണ് ഈ റൂളിൽ പറഞ്ഞിരിക്കുന്നത്. അതനുസരിച്ച് ഹൈസ്ക്കൂളിൽ ഒരു കുട്ടിക്ക് 5 രൂപയും പ്രൈമറി സ്ക്കൂളിൽ മൂന്നേകാൽ രൂപയും ട്രെയിനിംഗ് സ്ക്കൂളിൽ ഏഴര രൂപയും ആയിട്ടാണ് ഫിക്സ് ചെയ്തിരിക്കുന്നത്. അതിൽ മാറ്റം വരുത്തിയിട്ടില്ല. അദ്ദേഹം പറയുന്ന എസ്. ആർ. ഒ. പ്രത്യേകമായി പരിശോധിക്കാം. ഔദ്യോഗികമായി ഇങ്ങനെ ഫയലിൽ കാണാൻ കഴിയുന്നില്ലെന്നുള്ളതാണ് പറഞ്ഞത്.

ശ്രീ. വി. ജെ. തങ്കപ്പൻ : ബഹുമാനപ്പെട്ട മന്ത്രി ഒന്നുകിൽ തെറ്റിദ്ധരിച്ചിരിക്കുകയാണ്. അല്ലെങ്കിൽ മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു. 1984-ൽ വരുത്തിയ അമൻറ്മെൻറ് അനുസരിച്ച് കോമ്പൗണ്ട് വാൾസും മറ്റും കെട്ടുന്നതിന് കുട്ടികളുടെ നമ്പർ അനുസരിച്ചാണ് ഗ്രാൻറ് കൊടുത്തുകൊണ്ടിരുന്നത്. കുട്ടികളുടെ എണ്ണത്തിനനുസരിച്ചാണ് കോമ്പൗണ്ട് വാൾ നന്നാക്കുന്നതിനും ടോയ്ലറ്റ് നന്നാക്കുന്നതിനും ഗേറ്റ് നന്നാക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

കിണർ കുഴിക്കുന്നതിനും ബംബ് മാറുന്നതിനും സ്റേഡിയം ഉണ്ടാക്കുന്നതിനും ഒക്കെ ഗ്രാന്റ് കൊടുക്കുന്നത്. ഇന്ന് ഈ അമെന്റ്മെന്റ് കൊണ്ടുവന്നശേഷം, ആ അമെന്റ്മെന്റ് അരപ്പൈ ചെയ്യുമ്പോൾ ലക്ഷക്കണക്കിനു രൂപ സഹകാര്യ മാനേജ്മെന്റുകൾക്ക് കൊടുക്കുവാൻ കഴിയും. അങ്ങനെ കൊടുത്തിട്ടുണ്ട്. അങ്ങനെ കൊടുത്തിട്ടുണ്ടോയെന്നു ചോദിക്കുമ്പോൾ അങ്ങനെ അമെന്റുമെന്റ് ഇല്ല എന്നു പറഞ്ഞൊഴിയുന്നതു ശരിയാണോ ? പ്രത്യേകിച്ചും ഈ സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയും സാമ്പത്തികം കൈകാര്യം ചെയ്യുന്ന മന്ത്രിയും ഒരേ പാർട്ടിയിലുള്ളവരാകുമ്പോൾ അതിന്റെ പ്രാധാന്യം കൂടുന്നു.

ശ്രീ. ടി. എം. ജേക്കബ് : അദ്ദേഹം പറയുന്നത് ശരിയായ രൂപത്തിലുള്ളതല്ല. ചാപ്റ്റർ 28 റൂൾ 3-ൽ പറയുന്നത് അനുസരിച്ചാണ് മെയിന്റനൻസ് ഗ്രാന്റ് കൊടുക്കുന്നത്. അതിന് കുട്ടികൾക്കാണ് നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. ഇങ്ങനെ കൊടുക്കുന്ന പണം എന്തെല്ലാം കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കണം എന്നാണ് സബ്റൂളിൽ പറഞ്ഞിരിക്കുന്നത്. Petty construction and repairs and annual maintenance of School buildings, purchase of educational appliances such as Globes, Maps, Charts, apparatus for teaching of Geography and allied subjects and instruments for Mathematical drawing എന്നു പറഞ്ഞ് 12 ഇനങ്ങളെക്കുറിച്ചാണ് പറയുന്നത്. അതിൽ, ഏതോ ഒരു മാറ്റത്തെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്. ഹൈസ്ക്കൂളിലാണെങ്കിൽ ഒരു കുട്ടിയ്ക്ക് അഞ്ചു രൂപയും പ്രൈമറിസ്ക്കൂളിൽ മൂന്നേകാൽ രൂപയും ട്രെയിനിംഗ് സ്ക്കൂളിൽ ഏഴര രൂപയും നിരക്കിലാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. അതിൽ മാറ്റം വരുത്തിയിട്ടില്ല. അതിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമേ അദ്ദേഹം പറയുന്നതുപോലെയുള്ള സാമ്പത്തിക മായ ഉയർച്ച ഉണ്ടാവുകയുള്ളൂ. അത് ഗവൺമെന്റ് പരിശോധിച്ചതാണ്. ഇതിൽ വർദ്ധനവ് വേണമെന്നു പറഞ്ഞിരുന്നു. 1979-ലാണ് ഈ മെയിന്റനൻസ് ഗ്രാന്റ് പെർ ഹെഡ്ഡായിട്ട് നിശ്ചയിച്ചിരിക്കുന്നത്. അത് പ്രൈമറി ക്ലാസുകളിൽ അഞ്ചു രൂപയാക്കിയും ഹൈസ്ക്കൂളുകളിൽ ഏഴര രൂപയാക്കിയും വർദ്ധിപ്പിക്കണം എന്ന ഒരു നിർദ്ദേശം ഉണ്ടായിരുന്നു. അത് മാനേജ്മെന്റ് അസോസിയേഷനുമായി ചർച്ച നടത്തിയപ്പോൾ ആ ചർച്ചയിൽ തത്വത്തിൽ അംഗീകരിച്ചതാണ്. അതിനുശേഷം ക്യാബിനറ്റിൽ ഈ കാര്യം പരിശോധിച്ചപ്പോൾ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അരപ്പൈ ഏറെടുക്കേണ്ടതില്ലെന്നു പറഞ്ഞു. ഈ തോതിൽ വർദ്ധിപ്പിച്ചാൽ 65 ലക്ഷം രൂപ അധികച്ചെലവ് ഓരോ വർഷവും വേണ്ടിവരും. അതുകൊണ്ട് ഇത് മാറ്റി വച്ചിരിക്കുകയാണ്. അദ്ധ്യായം 28 റൂൾ 3-ൽ പറയുന്നത് എന്താണ് മെയിൻറനൻസ് ഗ്രാന്റ് എന്നാണ്. അത് ഏതെല്ലാം കാര്യങ്ങൾക്ക് കൊടുക്കണം എന്നുള്ളതിനെ സംബന്ധിച്ചാണ് അവിടെ പറയുന്നത്. അദ്ദേഹം പറയുന്നത് ഏതോ പർട്ടിക്കുലറായിട്ടുള്ള കോമ്പൗണ്ട് വാൾ കൺസ്ട്രക്ഷനുവേണ്ടി മാറ്റം വരുത്തി എന്നാണ്. അങ്ങനെ മാറ്റം വരുത്തിയാൽപ്പോലും ഈ മെയിൻറനൻസ് ഗ്രാന്റ് കൊടുക്കുന്ന തുകയിൽ വർദ്ധനവ് വരുകയില്ല. കാതലായ മാറ്റം ഔദ്യോഗികമായിട്ട് വരുത്തിയിട്ടില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. വി. സി. കബീർ : വിദ്യാഭ്യാസവകുപ്പ് മന്ത്രി മറുപടി പറഞ്ഞപ്പോൾ ഗ്രാന്റ് കൊടുക്കുന്നതിന് 12 ക്രൈറ്റീരിയ പറഞ്ഞു. അത് കൂടാതെ അഡീഷണലായി ഏതെങ്കിലും സ്ക്കൂളുകൾക്ക് സ്പെഷ്യൽ ഗ്രാന്റ് കൊടുത്തിട്ടുണ്ടോ? അതാണ് പ്രധാനപ്പെട്ട ചോദ്യം. അത് വ്യക്തമായിട്ട് പറയണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എം. ജേക്കബ് : ഏതെങ്കിലും പ്രത്യേക സ്ക്കൂളിന് കൊടുത്തിട്ടുണ്ടോ എന്നുള്ളതിന് പ്രത്യേകമായ ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

വെളിച്ച വിപ്ലവ പരിപാടി

* 29. [32] ശ്രീ. സി. വാസുദേവമേനോൻ :
,, സി. കെ. തങ്കപ്പൻ :
,, എം. ജിനദേവൻ :
,, പി. സി. ജോർജ്ജ് :
,, ററി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെളിച്ച വിപ്ലവ പരിപാടി എന്നൊന്ന് ഈ ഗവൺമെൻറ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഈ പരിപാടി അനുസരിച്ച് 28-2-1986 വരെ എത്ര പേർക്ക് കണക്ഷൻ നൽകി ;

(സി) എത്ര ലൈൻ എക്സ്റ്റെൻഷൻ പദ്ധതികൾ നടപ്പിലാക്കി ;

(ഡി) കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ എത്ര കണക്ഷനുകൾ നൽകി ;

(ഇ) കോൺട്രിബ്യൂഷൻ വ്യവസ്ഥ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ടോ, എങ്കിൽ എന്നുമുതൽ ;

(എഫ്) വോൾട്ടേജ് ഇംപ്രൂവുമെൻറിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്. 1-11-1985 മുതൽ ഈ തീവ്രയത്ന പടിപാടി നടത്തി വരുന്നു.

(ബി) നവംബർ ഒന്നു മുതൽ 71,088 പേർക്കും ഈ സാമ്പത്തിക വർഷത്തിൽ 172,309 പേർക്കും.

(സി) 1-11-1985 മുതൽ 28-2-1986 വരെ 1,100 എണ്ണവും ഈ സാമ്പത്തികവർഷത്തിൽ 1272 എണ്ണവും.

(ഡി) 1-11-1985 മുതൽ 23-2-1986 വരെ 24,040 എണ്ണവും ഈ സാമ്പത്തികവർഷത്തിൽ 77, 917 എണ്ണവും.

(ഇ) 1-4-1985 മുതൽ ഗാർഹികാവശ്യത്തിനുള്ള കണക്ഷനുകൾക്ക് കോൺട്രിബ്യൂഷൻ സമ്പ്രദായം നിറുത്തലാക്കിയിട്ടുണ്ട്. എന്നാൽ രേഖാമൂലം ആവശ്യപ്പെടുന്ന ഉപഭോക്താക്കൾക്ക് പ്രത്യേക അനുമതി പ്രകാരം കോൺട്രിബ്യൂഷൻ വ്യവസ്ഥയിൽ കണക്ഷൻ നൽകുന്നുണ്ട്.

(എഫ്) ആവശ്യമുള്ള സ്ഥലങ്ങളിൽ സാമ്പത്തികപരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പുതിയ ട്രാൻസ്ഫോർമറുകൾ വയ്ക്കുന്നതിനും ഇപ്പോഴുള്ള ട്രാൻസ്ഫോർമറുകൾ മാറി പകരം കപ്പാസിറ്റി കൂടിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും പുതിയ ലൈനുകൾ വലിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. കൂടാതെ പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly